ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നംബർ ഇ.എക്സ് II(1)/53388/എച്ച്.എസ്.ഇ/2009 തീയതി : 28/07/2010

## സർക്കുലർ

വിഷയം:- ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയെ സംബന്ധിച്ച്

സൂചന:- 1. ഒന്നാംവർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയെസംബന്ധിച്ച് ഈ ഓഫീസിൽനിന്നും 09.07.2010 ന് പുറപ്പെടുവിച്ച വിജ്ഞാപനം.

2. ഒന്നാംവർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയെ സംബന്ധിച്ച് 20.07.2010 നും 26.07.2010 നും നൽകിയ സർക്കുലർ.

സൂചനയിലെ സർക്കുലറിന് തുടർച്ചയായി താഴെപറയുന്ന നിർദ്ദേശങ്ങൾ സംശയ നിവാരണത്തിനായി ചേർക്കുന്നു.

2008–2009 അദ്ധ്യയനവർഷം ഒന്നാംവർഷ പഠനം പൂർത്തിയാക്കുകയും 2009 മാർച്ചിലും ആഗസ്റ്റിലും നടത്തിയ ഒന്നാംവർഷ പരീക്ഷയിൽ എല്ലാ വിഷയങ്ങളും എഴുതുകയും എന്നാൽ വിവിധ കാരണങ്ങളാൽ 2010 മാർച്ചിലെ രണ്ടാംവർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്തതുമായ വിദ്യാർത്ഥികൾ ഇനി ഒന്നാംവർഷ പരീക്ഷ എഴുതേണ്ടതില്ല. 2009–2010 അദ്ധ്യയനവർഷത്തിൽ രണ്ടാംവർഷപഠനം പൂർത്തിയാക്കിയ ഇത്തരം വിദ്യാർത്ഥികൾക്ക് 2011 മാർച്ചിലെ രണ്ടാംവർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ കാരണങ്ങളാൽ 2009–2010 ൽ രണ്ടാം വർഷ പഠനം പൂർത്തിയാക്കാൻ കഴിയാത്ത മേൽ സൂചിപ്പിച്ച വിഭാഗം വിദ്യാർത്ഥികൾ പുന:പ്രവേശനം നേടി രണ്ടാംവർഷ പഠനം പൂർത്തിയാക്കിയാൽ 2011 മാർച്ചിലെ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2008–2009 അദ്ധ്യയനവർഷം ഒന്നാംവർഷ പഠനം പൂർത്തിയാക്കുകയും 2009 മാർച്ചിലും ആഗസ്റ്റിലും നടത്തിയ ഒന്നാംവർഷ പരീക്ഷയിൽ വിവിധകാരണങ്ങളാൽ എല്ലാവിഷയവും എഴുതാതിരിക്കുകയും 2010 മാർച്ചിൽ ശേഷിച്ച വിഷയങ്ങൾ എഴുതുകയും ചെയ്ത വിദ്യാർത്ഥികളും ഇനി ഒന്നാംവർഷപരീക്ഷ എഴുതേണ്ടതില്ല. അത്തരം വിദ്യാർത്ഥികൾക്കും രണ്ടാംവർഷപഠനം പൂർത്തിയാക്കിയാൽ 2011 മാർച്ചിലെ രണ്ടാംവർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഒപ്പ്/-**
**സെക്രട്ടറി,**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം.**